## <u>കാരണം കാണിക്കൽ നോട്ടീസ്-: H2/PR/04/MM Dt: 30.01.2026</u>

വിഷയം : അച്ചടക്കനടപടി- ശ്രീ.സുമേഷ് കമാർ 2. 3691. (PEN:188804), സേനാംഗത്തി നെതിരെയുള്ള വാക്കാലന്വേഷണം കാരണം കാണിക്കൽ നോട്ടീസ് നൽകുന്നത് സംബന്ധിച്ച്

സൂചന : 1) 17-01-2023 തിയ്യതിയിലെ മലപ്പുറം ജില്ലാ പോലീസ് മേധാവിയുടെ എച്ച്2/പി.ആർ./04 /2023/എം.എം. നമ്പർ ഉത്തരവ്.

2) വേങ്ങര ഐ.എസ്.എച്ച്.ഒ. 07/05/2025 തീയതി സമർപ്പിച്ച പി.ആർ മിനുറ്റ്സും അനുബന്ധ രേഖകളും

ശ്രീ.സുമേഷ് കുമാർ .വി.സി.പി.ഒ 3691 (PEN:188804), എന്ന സേനാംഗം വളാഞ്ചേരി പോലീസ് സ്റ്റേഷനിൽ ജോലിചെയ്തു വരവേ 01.12.2012 തിയ്യതി മുതൽ ദീർഘകാല അവധിയിൽ പ്രവേശിക്കുകയും, നിയമാനുസൃതം അനുവദിച്ച അവധി കഴിഞ്ഞ് 01.10.2022 തിയ്യതി തിരികെ ജോലിയിൽ പ്രവേശിക്കേണ്ട ടി സേനാംഗം അനധികൃതമായി അവധിയിൽ തുടർന്നതിനാൽ, പോലീസ് സ്റ്റാൻഡിംഗ് ഓർഡർ 147, പി.എച്ച്.ക്യൂ സർക്കുലർ 22/74 എന്നിവ പ്രകാരം അനക്സർ 1, അനക്സർ 2 നോട്ടീസ് ടിയാന് നല്കിയിട്ടുള്ളതും, ആയതിനു ശേഷം ടിയാൻ ജോലിയിൽ പ്രവേശിക്കുകയോ, മതിയായ കാരണങ്ങൾ ബോധിപ്പിക്കുകയോ ചെയ്യാത്തതിനാലും, മനപൂർവ്വം ഡ്യൂട്ടിയിൽ നിന്ന് വിട്ടുനിന്നതിനാലും പോലീസ് സ്റ്റാൻഡിംഗ് ഓർഡർ 147 വകുപ്പ് പ്രകാരം 01.10.2022 തിയ്യതി പൂർവാഹ്നം മുതൽ പോലിസ് സേനയിൽ നിന്നും താങ്കളെ ഒളിച്ചോടിപ്പോയവനായി പ്രഖ്യാപിച്ച കൊണ്ട് ഉത്തരവായിട്ടുള്ളതാണ്.

അച്ചടക്കസേനയിലെ ഉത്തരവാദിത്തപ്പെട്ട സേനാംഗമായ ശ്രീ.സുമേഷ് കുമാർ.വി,സി.പി.ഒ 3691. (PEN:188804) അനധികൃതമായി സേനയിൽനിന്നും വിട്ടുനിന്നകാര്യത്തിന് 1958 ലെ കേരളാ പോലീസ് ഡിപ്പാർട്ട്മെൻറൽ എൻക്വയറിസ് പണിമെൻറ് ആൻറ് അപ്പിൽ റൂൾസ് പ്രകാരം വാച്യാന്വേഷണം നടത്തുന്നതിന് ഇൻസ്പെക്ടർ എസ്.എച്ച്.ഒ വേങ്ങരയെ ചുമതലപ്പെടുത്തിക്കൊണ്ടു ഉത്തരവായിരുന്നതും. ആരോപിക്കപ്പെട്ട കുറ്റങ്ങളെക്കുറിച്ച് വിശദമായ വാച്യാന്വേഷണം നടത്തി അന്വേഷണോദ്യോഗസ്ഥൻ അന്വേഷണ വിചാരണപത്രിക സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, അന്വേഷണോദ്യോഗസ്ഥൻറെ നിഗമനത്തോട് പൂർണ്ണമായും യോജിച്ചുകൊണ്ട് മേൽ കുറ്റത്തിനുള്ള ശിക്ഷയായി ശ്രീ.സുമേഷ് കുമാർ .വി ,സി.പി.ഒ 3691. (PEN:188804), എന്ന സേനാംഗം അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്ന 01.10.2022 തീയതി പൂർവാഹ്നം മുതൽ ടി സേനാംഗത്തെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനായി (Removal from service) താത്കാലികമായി ഞാൻ തീരുമാനിക്കുന്നു.

എന്റെ മേൽ തീരുമാനത്തിനെതിരായി താങ്കൾക്കെന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപറ്റി 15 ദിവസത്തിനകം രേഖാമൂലം ഈ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതും അല്ലാത്തപക്ഷം എൻറെ മേൽ തീരുമാനത്തിനെതിരായി താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ഇനി ഒരു അറിയിപ്പില്ലാതെ ടി തീരുമാനം സ്ഥിരപ്പെടുത്തുന്നതുമാണ്.

(ഒപ്പ്)
വിശ്വനാഥ് ആർ ഐ പി എസ്
ജില്ലാ പോലീസ് മേധാവി , മലപ്പുറം